**File No.SJD/581/2020-C1**

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബാ ജോർജ്ജ് ഐ.എ.എസ് )

തിരുവനന്തപുരം,
ഉത്തരവ് നം. SJD/581/2020-C1 തീയതി. 19/06/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ - പുതുതായി നിയമിതരായ പ്രൊബേഷൻ ഓഫീസർമാരുടെ ( ഗ്രേഡ് II ) 3 മാസത്തെ ഇൻസർവ്വീസ് ട്രെയിനിംഗ് - വിജയകരമായി പൂർത്തീകരിച്ചത് - അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സാമൂഹ്യനീതി ഡയറക്ടറുടെ 24/10/2019 - ലെ ഇ 1/2148/2019 നം. ഉത്തരവ്.
2. സാമൂഹ്യനീതി ഡയറക്ടറുടെ 05/12/2019 - ലെ സി1-9418/2019 നം. ഉത്തരവ്.
3. സാമൂഹ്യനീതി ഡയറക്ടറുടെ 04/06/2020 - ലെ SJD/581/2020-C1 നം. കത്ത്.

സാമൂഹ്യനീതി വകുപ്പിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ / ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III, ഹെഡ് അക്കൗണ്ടന്റ് തസ്തികകളിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം/ ബൈട്രാൻസ്ഫർ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉദ്യോഗസ്ഥരെ പ്രൊബേഷൻ കാലയളവിൽ പൂർത്തീകരിക്കേണ്ട 3 മാസത്തെ ഇൻസർവ്വീസ് ട്രെയിനിംഗിനിന് 2019 ഡിസംബർ 11 മുതൽ 2020 മാർച്ച് 11 വരെ നിയോഗിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

പരിശീലനം പൂർത്തിയായത് സംബന്ധിച്ച പരീക്ഷയും , അവലോകനവും, കൂടിക്കാഴ്ചയും 2020 മാർച്ച് 13 - ന് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ വെച്ച് നടത്തുന്നതിനും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കോവിഡ് -19 നുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ നിലനിന്നിരുന്നതിനാൽ ആയത് നടപ്പിലാക്കുവാൻ കഴിയാതെവന്ന സാഹചര്യത്തിൽ, ടി ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് ട്രെയിനിംഗിന്റെ ഭാഗമായുള്ള പരീക്ഷയും അവലോകനവും മുഖാമുഖമായി ( viva through onlline ) നടത്തുവാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിൻ പ്രകാരം 08/06/2020 - ന് നടത്തിയ പരീക്ഷയിലും അവലോകനത്തിലും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രൊബേഷൻ ഓഫീസർമാർ (ഗ്രേഡ് II) പ്രസ്തുത ഇൻസർവ്വീസ് ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ചത് അംഗീകരിച്ചുകൊണ്ടും, ടി ജീവനക്കാരുടെ പ്രൊബേഷൻ യഥാസമയം ഡിക്ലയർ ചെയ്യുന്നതിന് അനുവദിച്ചുകൊണ്ടും ഇതാനാൽ ഉത്തരവാകുന്നു.

## File No.SJD/581/2020-C1

| ക്രമ നം. | ജീവനക്കാരൻ/ ജീവനക്കാരിയുടെ പേര് | സേവനം അനുഷ്ഠിച്ചുവരുന്ന കാര്യാലയം |
|---|---|---|
| 1. | ശ്രീ. ബിജു കെ.വി | ജില്ലാ പ്രൊബേഷൻ ഓഫീസ്, മലപ്പുറം |
| 2. | ശ്രീമതി. രാജശ്രീ വി | ഗവ. ചിൽഡ്രൻസ് ഹോം, തൃശ്ശൂർ |
| 3. | ശ്രീ. മഹേശ്വരൻ നായർ കെ | ജില്ലാ പ്രൊബേഷൻ ഓഫീസ്, തിരുവനന്തപുരം |
| 4. | ശ്രീ. വേണു നായർ ആർ | ഗവ. ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം |

പ്രസ്തുത ഇൻസർവ്വീസ് ട്രെയിനിംഗിൽ പങ്കെടുത്തിട്ടും ആവശ്യമായ വൈദഗ്ദ്ധ്യം നേടാൻ കഴിയാതിരുന്ന താഴെപ്പറയുന്ന പ്രൊബേഷൻ ഓഫീസർമാരെ ( ഗ്രേഡ് II ) ചുവടെ ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ(ഗ്രേഡ് 1) കീഴിൽ ജൂലൈ 1 മുതൽ ഒരു മാസം പരിശീലനത്തിന് നിയോഗിച്ചുകൊണ്ടും ഈ കാലയളവിൽ ജില്ലാ പ്രൊബേഷൻ ഓഫീസർമാർ(ഗ്രേഡ്1)പരിശീലനതിന്റെ ഭാഗമായി നിർവഹിക്കേണ്ട ചുമതലകൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു . ജീവനക്കാരെ ജില്ലക്ക് പുറത്തുള്ള ഓഫീസുകളിലേക്ക് പരിശീലനത്തിനായി നിയോഗിക്കപ്പെട്ട സാഹചര്യത്തിൽ എസ്റ്റാബ്ലിഷ് മെന്റ് സെക്ഷൻ ആവശ്യമായ ചുമതലാ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

| ക്രമ നം. | ജീവനക്കാരൻ/ ജീവനക്കാരിയുടെ പേര് | ട്രെയിനിംഗിന് നിയോഗിക്കുന്ന കാര്യാലയം |
|---|---|---|
| 1. | ശ്രീമതി. സജിത. എസ് | ജില്ലാ പ്രൊബേഷൻ ഓഫീസ്, തൃശ്ശൂർ |
| 2. | ശ്രീമതി. തനൂജാ പി ബേബി | ജില്ലാ പ്രൊബേഷൻ ഓഫീസ്, തൃശ്ശൂർ |
| 3. | ശ്രീമതി. സബീനാ ബീഗം. എസ് | ജില്ലാ പ്രൊബേഷൻ ഓഫീസ്, തിരുവനന്തപുരം |

1. ജില്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I പ്രസ്തുത പരിശീലനത്തിനായുള്ള മുഴുവൻ സംവിധാനങ്ങളും ലഭ്യമാക്കേണ്ടതും, നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.
2. ട്രെയിനിംഗിന്റെ ആദ്യദിനം തന്നെ കൃത്യമായ സമയക്രമം തയ്യാറാക്കി അത് പാലിക്കുന്നുവെന്ന് ജില്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I ഉറപ്പാക്കേണ്ടതാണ്.
3. ഓരോ ദിവസത്തേയും പരിശീലന സമയക്രമം ജില്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്.
4. പരിശീലനം പൂർത്തീകരിക്കുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളിൽ വ്യക്തമായ അവബോധം പ്രൊബേഷൻ ഓഫീസർമാർക്ക് ( ഗ്രേഡ് II ) ഉണ്ടാവേണ്ടതാണ്.

a. 1958 - ലെ പ്രൊബേഷൻ നിയമം

**File No.SJD/581/2020-C1**

b. ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്റ്റ് 1956
c. ബാലനീതി നിയമം 2015
d. കേരളാ ബോസ്റ്റൽ സ്കൂൾ ആക്റ്റ് 1961
e. കേരളാ ജയിൽ ചട്ടങ്ങൾ 2014
f. ക്ഷേമസ്ഥാപനങ്ങൾക്കുള്ള മാനേജ്മെന്റ് മാന്വൽ
g. കോടതികളുടെ ഘടന
h. പോലീസ് അന്വേഷണം
i. നേർവഴി പദ്ധതി
j. പ്രൊബേഷൻ ഓഫീസർ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

5. 2020 ഓഗസ്റ്റ് 3 - ന് പരിശീലനം പൂർത്തിയായത് സംബന്ധിച്ച പരീക്ഷയും, അവലോകനവും, കൂടിക്കാഴ്ചയും സാമൂഹ്യനീതി ഡയറക്ടറേറ്റിൽ വെച്ച് നടത്തുന്നതായിരിക്കും.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക്,

പകർപ്പ്

1 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

2 ഡയറക്ടറുടെ സി .എ

3 സ്റ്റോക്ക് ഫയൽ /സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്